# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 49 — 06.03.2012-ൽ മറുപടിക്ക്.

## ഇൻകെല്ലിന്റെ അടിസ്ഥാന വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. എൻ. ഷംസുദ്ദീൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ഇൻകെല്ലിന്റെ അടിസ്ഥാന വികസനം ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി വിശദമാക്കുമോ ; | (എ) അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് ഇൻകെൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>1) എഡ്യൂ-ഹെൽത്ത് സിറ്റി, മലപ്പുറം.<br>2) ലോജിസ്റ്റിക്ക് പാർക്ക്, അങ്കമാലി. |
| (ബി) ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത് ഏത് വിധത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) സ്വകാര്യ സംരംഭകരിൽ നിന്ന് നിക്ഷേപമായും, ദേശസാൽകൃത ബാങ്കുകളിൽ നിന്ന് വായ്പയായുമാണ് ടി. പദ്ധതിക്കുവേണ്ടി മൂലധനം സമാഹരിക്കുന്നത്. |
| (സി) ഇൻകെൽ ഇപ്പോൾ ഏറ്റെടുത്തു നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ; | (സി) ഇൻകെൽ ഇപ്പോൾ ഏറ്റെടുത്തു നടപ്പാക്കുന്ന വികസന പ്രവർത്തന--ങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾ, അങ്കമാലി.<br>2) മലപ്പുറത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി.<br>3) കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, വല്ലാർപ്പാടം.<br>4) പുര എന്ന കേന്ദ്ര സർക്കാർ പദ്ധതി.<br>5) മലപ്പുറം കമ്മ്യൂണിറ്റി കോളേജ്.<br>6) റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്.<br>7) സംസ്ഥാനത്തെ ട്രഷറികളുടെ നവീകരണം. |

(ഡി) എന്ത് തുകയുടെ പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കു--ന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതികൾക്കെല്ലാംകൂടി 1433 കോടി രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു.

(ഇ) തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ സഹകരിക്കാൻ ഇൻകെൽ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

(ഇ) ഉണ്ട്. 16.04.2010-ലെ 74/10/LSGD-ാം നമ്പർ സർക്കാർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി സർക്കാർ ഇൻകെലിനെ അംഗീകരിച്ചി--ട്ടുണ്ട്. കേന്ദ്ര സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ തളിക്കുളം പഞ്ചായത്തിലും, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പഞ്ചായത്തിലും 'പുര' എന്ന പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി--വരുന്നു.

സെക്ഷൻ ഓഫീസർ